MONDAY

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR  Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/07/2023.

1. കൃഷി വകുപ്പിന്റെ നാളികേര വികസന കൗൺസിൽ പദ്ധതിയുമായി ബന്ധപ്പെട്ട് അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ പോത്തൻകോട് കൃഷിഭവനിൽ എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നേരിട്ടെത്തിയോ ഗ്രൂപ്പ് മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. 100 രൂപ വിലയുള്ള അത്യുൽപ്പാദന ശേഷിയുള്ള സാധാരണ ഇനത്തിനു WCT 50 രൂപയും, 250 രൂപ വിലയുള്ള ഹൈബ്രിഡ് (ടി x ഡി) ഇനത്തിന് 125 രൂപയും അടക്കേണ്ടതാണ്. തൈകൾ വാങ്ങാൻ വരുമ്പോൾ കരം അടച്ച രസീത് കൊണ്ടുവരേണ്ടതാണ്

2. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളു കൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) 45 – 50 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറാ യിട്ടുണ്ട്. ആവശ്യമുള്ളവർ 9495000915, 9495000923 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് 50 ടൺ മെയ്സ് സൈലേജ് (Maize Silage) വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽ നിന്നും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുദ്രവെച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 27 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. കേരള കാർഷിക കോളേജിൽ ഉല്പാദിപ്പിച്ച അത്യുല്പാദന ശേഷിയുള്ള രോഗ കീട പ്രതിരോധ ശേഷിയുള്ള നാടൻ തെങ്ങിനമായ **കുറ്റ്യാടിയുടെ തെങ്ങിൻ തൈകൾ** വിളപ്പിൽ കൃഷിഭവനിൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് 0471 2286022 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയിലെ കെ എസ് സി എസ് ടി ഇ പ്രോജക്ടിൽ പ്രൊജക്റ്റ് ഫെലോ ആയി നിയമിക്കപ്പെടുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് aparna.r@kau.in എന്ന ഈമെയിലിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 25 ന് (25/07/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

9. വെള്ളായണി കാര്ഷിക കോളേജിൽ പൂന്തോട്ട നിർമ്മാണം, നഴ്സറി പരിപാലനം, സൂക്ഷ്മ ജലസേചനം എന്നീ വിഷയങ്ങളിൽ ഈ മാസം 27,29 (ജൂലൈ 27, 29) തീയതികളിലായി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 600 രൂപ. രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയാണ് പരിശീലന സമയം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും നഴ്സറി നിർമാണത്തെ കുറിച്ചുള്ള പുസ്തകവും നൽകുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 8606631545 എന്ന നമ്പരിലേക്ക് വിളിക്കുകയോ പേരും ഫോൺ നമ്പരും വാട്ട്സ്ആപ്പ് സന്ദേശം അയച്ചോ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495118208 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

10. **കാർഷിക നിർദ്ദേശം -വാഴ** വാഴത്തോട്ടങ്ങളിൽ മണ്ണിൽ നനവുണ്ടെന്നു ഉറപ്പുവരുത്തി പി.ജി.പി.ആർ.മിക്സ് (കുഴി ഒന്നിന് 50-100 ഗ്രാം) അഞ്ചു കിലോഗ്രാം ജൈവവളവുമായി കലർത്തി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകാവുന്നതാണ്. കടലപ്പിണ്ണാക്ക് ഒരു കിലോഗ്രാം വച്ച് നൽകുന്നത് വാഴയ്ക്ക് അനുയോജ്യമാണ്. വേപ്പിൻ പിണ്ണാക്ക് പല തവണയായി നൽകുന്നത് വഴി കീടനിയന്ത്രണവും സാധ്യമാകും.

**വാഴ–വളപ്രയോഗം**

നട്ടു 3,6,9,10 മാസമായ വാഴകളിൽ പഞ്ചഗവ്യം (3%) ഇലകളിൽ മഴ ഇല്ലാത്തപ്പോൾ തളിച്ച് കൊടുക്കാവുന്നതാണ്. ജൈവവളങ്ങൾ വാഴ നട്ടു രണ്ടാം മാസവും നാലാം മാസവും തുല്യ തവണകളായി നൽകാം. പയറുവർഗ്ഗ വിളകൾ ഇടസ്ഥലത്തു വിതച്ചു - 40 ദിവസം ആകുമ്പോൾ മണ്ണിൽ ചേർത്ത് കൊടുക്കുക. ഇവയെല്ലാം വളർച്ചയും കീടരോഗ പ്രതിരോധവും ത്വരിതപ്പെടുത്തുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം